# പ. പാത്രിയർക്കീസ് ബാവ പിറവത്തു വെളിപ്പെടുത്തിയ അബദ്ധചരിത്രം

**പി.തോമസ്, പിറവം**

സുറിയാനി ഓർത്തഡോക്സ് സഭാതലവൻ പ. അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ ഇൻഡ്യാ സന്ദർശനത്തിനിടയിൽ പിറവത്തു വച്ച് നടത്തിയ ഒരു പ്രസ്താവനയെ കുറിച്ചാണ് ഈ കുറിപ്പ്. പിറവം പള്ളിയിൽ നടത്തിയ വി. കുർബ്ബാനയ്ക്കു ശേഷം പുറത്തെ വേദിയിൽ നടത്തിയ പ്രസംഗത്തിലാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞതായി മാദ്ധ്യമങ്ങൾ വെളിപ്പെടുത്തിയത്. (പ. പാത്രിയർക്കീസ് തർക്കമുള്ള പള്ളികളിൽ പ്രവേശിക്കുകയില്ലെന്ന് മുഖ്യമന്ത്രിയടക്കമുള്ള അധികാരികൾ ആദ്യമൊക്കെ പറഞ്ഞിരുന്നുവത്രേ. പിറവം സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളി സംബന്ധിച്ച സഭാതർക്കങ്ങൾ സുപ്രീം കോടതി വരെയുള്ള വിവിധ കോടതികളിൽ നിലവിലിരിക്കുന്നത് അറിയാവുന്നതു കൊണ്ടാണല്ലോ, ഈ പള്ളി വ്യവഹാരങ്ങളുടെ തിക്തഫലം അനുഭവിച്ചതാണെന്ന് പ. ബാവ ഇവിടെ പ്രസ്താവിച്ചത്. എന്നാൽ കേസുകളെല്ലാം തീർന്നെന്നും പ്രശ്നങ്ങളൊന്നും അവശേഷിക്കുന്നില്ലെന്നും പിറവം പള്ളിയിലെ അനധികൃത കൈവശക്കാർ കൗശലത്തോടെ അധികാരികളെ തെറ്റിദ്ധരിപ്പിച്ചു. അതങ്ങനെ വിഴുങ്ങാനേ അധികാരികൾക്കാവുന്നുള്ളു എന്നത് ഇന്നത്തെ വ്യവസ്ഥിതിയുടെ ദുര്യോഗം. അതേസമയം ഇവിടത്തെ പ്രചാരണങ്ങളിൽ പ. ബാവ ഈ പള്ളിയിൽ കുർബ്ബാന അനുഷ്ഠിക്കുന്നതായി പറഞ്ഞിരുന്നില്ല. 'രാജാക്കളുടെ നടയിൽ' കുർബ്ബാന എന്നായിരുന്നു തന്ത്രപൂർവ്വം പ്രചാരണങ്ങളിൽ വെളിപ്പെടുത്തിയിരുന്നത്.)

'ബേതലഹേമിൽ ഉണ്ണിയേശുവിനെ സന്ദർശിച്ച വിശുദ്ധ രാജാക്കന്മാരുടെ പേരിൽ സ്ഥാപിക്കപ്പെടുകയും പിന്നീട് മാതാവിന്റെ പേരിൽ അറിയപ്പെടുകയും ചെയ്യുന്ന രണ്ടു ദേവാലയങ്ങളേ ലോകത്തുള്ളുവെന്ന് പ. ബാവാ പറഞ്ഞു. ഇറാക്കിലെ തുറബ്ദീനിലും ഇവിടെ മലങ്കരയിലെ പിറവത്തുമായുള്ള ഈ രണ്ടു ദേവാലയങ്ങളിലും കുർബ്ബാന അർപ്പിക്കുവാനുള്ള ഭാഗ്യമാണ് ലഭിച്ചിരിക്കുന്നതെന്നും പ.ബാവാ അനുസ്മരിച്ചു' എന്നിപ്രകാരമാണ് മാദ്ധ്യമങ്ങളിൽ നിന്ന് മനസ്സിലാക്കിയത്.

പദവികളുടെ പടവുകൾ കയറുന്നതനുസരിച്ച് ജ്ഞാനത്തിന്റെയും അറിവിന്റെയും പരിധി വർദ്ധിക്കുമെന്ന തെറ്റിദ്ധാരണ സ്ഥാനികൾക്കുണ്ടാകാറുണ്ടെന്ന് അവരുടെ ചില പ്രസ്താവനകളിൽ നിന്ന് തോന്നിപ്പോകാറുണ്ട്. അവർ തങ്ങൾക്കറിവില്ലാത്ത സമസ്ത മേഖലകളിലും അഭിപ്രായം പറയുംവിധം അപ്രമാദിത്വതലത്തിൽ എത്തിയതായി ഭാവിക്കും. വിശുദ്ധ രാജാക്കളുടെ പേരിൽ സ്ഥാപിക്കപ്പെടുകയും പിന്നീട് മാതാവിന്റെ പേരിൽ അറിയപ്പെടുകയും ചെയ്യുന്ന ദേവലയങ്ങളായി സൂചിപ്പിച്ച രണ്ടെണ്ണവും രാജാക്കളുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടതല്ലെന്നതാണ് യാഥാർത്ഥ്യം. അല്ലെങ്കിൽത്തന്നെ ഉണ്ണിയേശുവിനെ കണ്ടു വന്ദിച്ചവർ യേശുക്രിസ്തുവിന്റെ മുപ്പതാം വയസ്സു മുതലുള്ള മൂന്നു വർഷത്തെ പരസ്യശുശ്രൂഷാകാലത്തിനും, തന്റെ മരണപുനരുത്ഥാനങ്ങൾക്കും, ക്രൈസ്തവസഭാസ്ഥാപനത്തിനും മുമ്പേ പള്ളികൾ സ്ഥാപിച്ചുവെന്ന നിർമ്മിതകഥയുടെ സഹായമില്ലാതെ തന്നെ ക്രൈസ്തവ വിശ്വാസവും സഭയും നിലനിന്നുകൊള്ളും.

തുറബ്ദീനിലെ പള്ളി അന്നും ഇന്നും ദൈവമാതാവിന്റെ നാമത്തിലാണ്. തുറബ്ദീൻ മേഖലയിലെ അനിട്‌ലിയിലെ (Anitli, whose original Syriac name is Hah) ഒരു ചെറിയ ദയറായിലുള്ള ദൈവമാതാവിന്റെ പള്ളി (Yoldath Aloho, i.e. Mother of God in Syriac – referred to as Meryemana in Turkish) –തുറബ്ദീനിലെ മെത്രാന്റെ ആസ്ഥാനം– ബേത്‌ലഹേമിൽ നിന്നു മടങ്ങിയ ഒരു മാഗി (ബൽത്താസാർ) സ്ഥാപിച്ചതാണെന്ന പ്രാദേശിക ഐതിഹ്യമുണ്ടെന്നേ അവടത്തുകാർ പറയുന്നുള്ളു. ഈ സത്യം ആർക്കും വിവിധ വെബ്സൈറ്റുകൾ ചികഞ്ഞ് കണ്ടെത്താം. (ആദിമസഭയിൽ ദൈവമാതാവിന്റെ നാമത്തിലാണ് പൊതുവേ പള്ളികൾ സ്ഥാപിക്കപ്പെട്ടിരുന്നതെന്ന് സാമാന്യം സഭാചരിത്രബോധമുള്ളവർക്കൊക്കെ അറിവുള്ള സത്യമാണ്. മാഗികളുടെ നാമത്തിൽ പള്ളികൾ പ്രതിഷ്ഠിച്ചിരിക്കാനുള്ള സാദ്ധ്യത തന്നെ സുറിയാനിപാരമ്പര്യത്തിലില്ല.) മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയുടെ ഭാര്യയുടെ പേര് എലിസബെത്തെന്നാണെന്ന് പ.ബാവായ്ക്ക് ചെവിയിൽ ഓതിക്കൊടുത്ത തരം (വി)ശുദ്ധ വിവരക്കേട് പിറവം പള്ളിയുടെ ചരിത്രം സംബന്ധിച്ചും ആരെങ്കിലും പ.ബാവായെ ബോധിപ്പിച്ചിട്ടുണ്ടാകാം. അവരുടെ വിവരദോഷം പ.ബാവായെക്കൊണ്ടു കൂടി ഏറ്റു പറയിച്ച് പ. പിതാവിനെയും വിഡ്ഢിവേഷം കെട്ടിക്കേണ്ടതില്ലായിരുന്നു. പുതുചരിത്രം നിർമ്മിച്ച് അത് പലയാവർത്തി വെളിപ്പെടുത്തി, സത്യമെന്നു തെറ്റിദ്ധരിപ്പിക്കുന്ന ഗീബൽസിന്റെ തന്ത്രമാണ് പയറ്റുന്നത്. പിറവം പള്ളി രാജാക്കളുടെ നാമത്തിൽ സ്ഥാപിതമായതല്ല, അത് ദൈവമാതാവിന്റെതാണ് എന്നു വിശദീകരിക്കുന്ന ലേഖനം പ്രസിദ്ധീകൃതമായത് മലങ്കര ഓർത്തഡോക്സ് ടി.വി.യുടെ മുൻ പേജുകളിൽ കണ്ടെത്താം. ഏതാണ്ട് അഞ്ചാം നൂറ്റാണ്ടിനു ശേഷമോ, അല്ലെങ്കിൽ എട്ടാം നൂറ്റാണ്ടിനു ശേഷമോ അല്ലാ

തെ, പിറവം പ്രദേശത്ത് ക്രിസ്ത്യാനികളുടെ കുടിയേറ്റമോ അവരുടെ പള്ളിസ്ഥാപനമോ നടന്നിരിക്കുമെന്നു കരുതാൻ, കേരളചരിത്രവും നസ്രാണിചരിത്രവും പഠിക്കുവാൻ ശ്രമിക്കുന്നവർക്കു സാധിക്കുമെന്നു തോന്നുന്നില്ല.

തത്സംബന്ധമായി അധികമാരും കണ്ടിരിക്കാനിടയില്ലാത്ത ഒരു രേഖയെക്കുറിച്ച് സൂചിപ്പിക്കട്ടെ. 1685-ൽ വന്ന് കോതമംഗലത്തു കബറടങ്ങിയ പ. യൽദോ ബാവ ഉപയോഗിച്ച ഒരു പട്ടംകൊടപ്പുസ്തകമുണ്ട്. ഈ പുസ്തകം ഇപ്പോൾ പഴഞ്ഞിയിലെ ബ. ഡോ. ജോസഫ് ചീരൻ അച്ചന്റെ കൈവശമാണ്. അതിൽ പ. ബാവാ മൊസൂളിൽ വച്ച് പട്ടം കൊടുത്ത വിവരങ്ങളുണ്ട്. ബസ്രായിൽ വച്ച് ഹിദായത്തുള്ളയെ മാർ ഈവാനിയോസ് എപ്പിസ്കോപ്പായായി 1685-ൽ പട്ടംകെട്ടിയ വിവരം അതിൽ കാണാം. മൂന്നാം മാർത്തോമ്മാ മെത്രാന് പട്ടാഭിഷേകം നടത്തിയ വിവരവും ഇതിലുണ്ട്. അതിനു മുമ്പ് വടക്ക് 20 പട്ടംകൊടകൾ നടത്തിയതായി ഇതിൽ കാണുന്നു. അതിനു ശേഷം 1687 മുതലുള്ള പട്ടംകൊടുക്കലിന്റെ വിവരങ്ങൾ അതിലുണ്ട്. ആ പട്ടംകൊടപ്പുസ്തകം അദ്ദേഹത്തിനു ശേഷം മാർ ഈവാനിയോസും പട്ടംകൊടുക്കുവാൻ ഉപയോഗിച്ചതായി കരുതാം. പിറവത്തെ ദൈവമാതാവിന്റെ പള്ളിയിൽ വച്ച് മത്തായി എന്നയാളിന് 1997 (1686 A.D.)-ൽ പൂർണ്ണശെമ്മശുപട്ടം നൽകിയതായി അതിന്റെ 406-ാം വശത്ത് രേഖപ്പെടുത്തിയിരിക്കുന്നു. (അസ്റാഹ് റൂഹോ ഖാദീശോ മ്ശംശോനൊ മത്തായി ല് ഈത്തോ ദ് യൽദാസാലോഹോ ദ് ഫ്രൂത്ത്  എന്ന് മൂലരേഖ. തീയതി - 1997 - അതായത് ക്രിസ്തുവർഷം 1686. ചിത്രം കാണുക) 1688-നു ശേഷം പിറവത്ത് മത്തായി കശ്ശീശ, ഗീവറുഗീസ് ശെമ്മാശൻ, ഗീവറുഗീസ് കശ്ശീശാ എന്നിവർക്കും പട്ടം കൊടുത്തതായി ഇതിൽ വായിക്കാം. നാലാം മാർത്തോമ്മായെ വാഴിച്ചതും ഇതിലുണ്ട്.

സിറിയൻ ഓർത്തഡോക്സ് സഭയിലെ പാത്രിയർക്കീസുമാരിലാരുംതന്നെ മലങ്കരയിലെത്തുന്നതിനു മുമ്പും പിറവത്തു പള്ളി ദൈവമാതാവിന്റെ നാമത്തിൽ തന്നെ ആയിരുന്നുവെന്നാണല്ലോ ഈ രേഖ കാണിച്ചുതരുന്നത്. (രാജാക്കന്മാരുടെ നാമത്തിലായിരുന്ന പിറവം പള്ളി, പാത്രിയർക്കീസു ബാവാ ദൈവമാതാവിന്റെ നാമത്തിലാക്കിയെന്ന് ചിലരെല്ലാം ഒരു രേഖയുടെയും പിൻബലമില്ലാതെ കൊട്ടിഘോഷിച്ച് ചരിത്രനിർമ്മിതിക്കു ശ്രമിക്കുന്നതോർക്കുക.)

പിറവം പള്ളി രാജാക്കളുടെ നാമത്തിലുള്ളതാണെന്ന് ചില യൂറോപ്യന്മാർ എഴുതി വച്ചിട്ടുണ്ട് 15-ാം നൂറ്റാണ്ടിനു ശേഷം. അത് ഈ പള്ളിയിൽ പഴയ കൂറ്റുകാരിലെ തെക്കുംഭാഗരും (ഇന്ന് ക്നാനായക്കാർ എന്ന് അവകാശപ്പെടുന്നവർ) പുത്തൻകൂറ്റുകാരും തമ്മിൽ സഭാതർക്കം നിലവിലിരുന്ന കാലത്ത് റോമൻവിഭാഗം കൊടുത്ത വിവരം അതനുസരിച്ച് രേഖപ്പെടുത്തിയതാകണം. (ഇപ്പോൾ പിറവത്തെ പള്ളിത്തർക്കങ്ങളിൽ പാത്രിയർക്കീസ് വിഭാഗം ഏകപക്ഷീയമായി ചില അവകാശവാദങ്ങളും ചരിത്രനിർമ്മിതികളും നടത്തിവരുന്നതുപോലെ തന്നെ.) എല്ലാ പുരാതന പള്ളികളിലെയും പോലെ ഈ പള്ളിയിലെ പ്രധാന പെരുന്നാളായ രാക്കുളിപ്പെരുന്നാൾ (ദനഹ), ജൂലിയൻ കലണ്ടർ പ്രകാരം നടത്തുമ്പോൾ, ഗ്രീഗോറിയൻ കലണ്ടർ ഉപയോഗിച്ചിരുന്ന പഴയകൂറ്റുകാർ എപ്പിഫനി എന്ന പേരിൽ അത് ആഘോഷിക്കുകയും, അന്ന് മ്ഗൂശരാജാക്കന്മാർ ഉണ്ണിയേശുവിനെ വന്ദിക്കുന്നതു സംബന്ധിച്ച കാര്യങ്ങൾക്ക് അവരുടെ ആരാധനാക്രമങ്ങൾ പ്രകാരം ഊന്നൽ കൊടുക്കുകയും ചെയ്തതുകൊണ്ടാകാം, അവർ രാജാക്കളുടെ പള്ളിയെന്ന് വ്യവഹരിക്കാനിടയായത്. പള്ളികളുടെ നാമങ്ങൾ മാറ്റി മറിക്കുന്നത് റോമാക്കാരുടെ ഒരു രീതിയാണ്. മാർ സാബോർ ഫ്രോത്തുമാരുടെ നാമത്തിലുള്ള പള്ളികൾ അവർ പുനർനാമകരണം ചെയ്തത് ചരിത്രരേഖയാണല്ലോ. മൂവാറ്റുപുഴ ഹോളി മാഗി കത്തോലിക്കാ പള്ളി (1930 മുതൽ) ആദ്യം 1820-ൽ, മറിയം മഗ്ദലനയുടെ നാമത്തിലായിരുന്നു. മലങ്കരയിലെ പല പള്ളികളും അവർ ഇങ്ങനെ പുനർനാമകരണം ചെയ്തിട്ടുണ്ട്. സുറിയാനിക്കാർ പള്ളിക്കു ശിലയിടുമ്പോൾ (പള്ളികൂദാശയിൽ) ഘോഷിച്ചു പ്രഖ്യാപിക്കുന്ന നാമം മാറ്റുക പതിവില്ല. ഒരു കുരിശു പോലും പ്രതിഷ്ഠിതമായതിൽ നിന്നു മാറ്റി, മറ്റൊരു പേരിൽ വിളിക്കുവാൻ അവസരവും സന്ദർഭവും സാദ്ധ്യതയുമില്ല. (പ്രതിഷ്ഠിതനാമത്തെക്കുറിച്ച് അറിവില്ലാത്ത പിന്തലമുറ പുതുനാമങ്ങൾ വിളിച്ചതിനും ഇവിടെ ചില ഉദാഹരണങ്ങളുണ്ടത്രേ.)

നിശ്ചയമില്ലാത്ത കാര്യങ്ങൾ ആധികാരികമെന്ന മട്ടിൽ പുലമ്പുന്നത് വിഡ്ഢിത്തരമായി തിരിച്ചറിയപ്പെടുമെന്നും, അത് സ്ഥാനത്തിനും പദവിക്കും ന്യൂനത വരുത്തുന്നതാണെന്നുമുള്ള കാര്യം, എല്ലാ പദവിയിലുമുള്ളവർ ഓർക്കേണ്ടതാണ്. സ്ഥാനശ്രേണി കയറുന്നതനുസരിച്ച് ഇറങ്ങി വരുന്നതല്ല സമസ്തവിഷയങ്ങളിലുമുള്ള അറിവ്.

തലയണമന്ത്രവും ചെവിയിലോത്തും കേൾക്കുന്നതോടൊപ്പം, അവയുടെ ആധികാരികത ഉറപ്പാക്കി, വെളിപ്പെടുത്തലുകൾ നടത്തുന്നതാണ് സ്വീകരിക്കാവുന്ന സുരക്ഷിതമാർഗ്ഗം.



പ.യൽദോ ബാവായുടെ പട്ടംകൊടപ്പുസ്തകത്തിന്റെ പ്രസക്തഭാഗം